മുഖേന മാത്രമേ സിറിഞ്ച് മൊത്തവ്യാപാരം നടക്കുന്നുള്ളൂ. അത്തരം സ്ഥാപനങ്ങളിൽ ഡ്രഗ്സ് കൺട്രോളർ കർശനമായി പരിശോധനകളും നടത്തുന്നുണ്ട്.

99 (1459) കേന്ദ്രഗവൺമെന്റ് സ്ഥാപനങ്ങൾ അന്യസംസ്ഥാനങ്ങളിലേയ്ക്ക് മാറ്റുവാനുള്ള നീക്കം

ശ്രീ. സി.ടി. അഹമ്മദ് അലി :
ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ :
ശ്രീ. എ.വി. അബ്ദുറഹിമാൻ ഹാജി :
ശ്രീ. കെ.പി.എ. മജീദ് :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന കേന്ദ്രഗവൺമെന്റ് സ്ഥാപനങ്ങൾ അന്യസംസ്ഥാനങ്ങളിലേക്ക് മാറ്റിക്കൊണ്ട് പോകുന്നത് സംസ്ഥാന സർക്കാരിന്റെ സമ്മതത്തോടുകൂടിയാണോ;

(ബി) ഇത്തരം സ്ഥാനങ്ങൾ സംസ്ഥാനത്തുതന്നെ തുടർന്നും പ്രവർത്തിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുമോ;

(സി) കോഴിക്കോട് പ്രവർത്തിക്കുന്ന സെൻട്രൽ പി.ഡബ്ല്യൂ.ഡി. ഓഫീസ് കർണ്ണാടക സംസ്ഥാനത്തിലേയ്ക്ക് മാറ്റിക്കൊണ്ടുപോകുന്നകാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) അല്ല.

(ബി) സ്വീകരിക്കുന്നതാണ്.

(സി) കോഴിക്കോട് പ്രവർത്തിക്കുന്ന സെൻട്രൽ, പി.ഡബ്ല്യൂ.ഡി. ആഫീസ് തിരുവനന്തപുരം സർക്കിളിന്റെ കീഴിൽനിന്നും മൈസൂർ സർക്കിളിന്റെ കീഴിൽ കൊണ്ടുപോകുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

100 (1460) സർക്കാരിന്റെ മൂന്നാം വാർഷികാഘോഷം

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
പ്രൊഫ. സാവിത്രി ലക്ഷ്മണൻ :
ശ്രീ. കെ.പി. വിശ്വനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റിന്റെ മൂന്നാം വാർഷികം ഏതെല്ലാം വിധത്തിലാണ് ആഘോഷിച്ചതെന്നു പറയുമോ;

(ബി) ഈ ആഘോഷങ്ങൾക്ക് എന്തു ചെലവു വന്നു;

(സി) മൂന്നാം വാർഷികത്തോടനുബന്ധിച്ച് പത്രപ്പരസ്യം നല്കിയ വകയിൽ ഒട്ടാകെ എന്തു ചെലവുണ്ടായി;

(ഡി) മൂന്നാം വാർഷികത്തോടനുബന്ധിച്ച് എന്തെങ്കിലും പ്രസിദ്ധീകരണങ്ങളും പോസ്റ്ററുകളും പ്രസിദ്ധീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly